പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :229 — 09.06.2014 ൽ മറുപടിക്ക്

## വിദ്യാലയങ്ങളിൽ പോലീസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, വി.പി. സജീന്ദ്രൻ<br>,, പാലോട് രവി<br>,, ഷാഫി പറമ്പിൽ | ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) വിദ്യാലയങ്ങളിൽ പോലീസ്വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;<br>(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ; | (എ) യും (ബി) യും ഉണ്ട്. സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക, അവരിലെ കുറ്റകൃത്യ വാസന തടയുക, മദ്യപാനം, മയക്കമരുന്ന് ഉപയോഗം, മൊബൈൽ ഫോൺ ഇന്റർനെറ്റ് തുടങ്ങിയവയുടെ ദുരുപയോഗം എന്നിവക്കെതിരെ ബോധവൽക്കരണം നടത്തുക, സ്കൂൾ പരിസരങ്ങളിൽ വ്യാജ മദ്യം/മയക്കമരുന്ന് വിൽപ്പന, മറ്റ് അനധികൃത/ അസന്മാർഗ്ഗിക പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി വിവരങ്ങൾ ശേഖരിച്ച് പോലീസ് നടപടിക്ക് വിധേയമാക്കി നിയമവാഴ്ച ഉറപ്പുവരുത്തുക എന്നിവയാണ് പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) പ്രസ്തുത ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ ആരെയെല്ലാമാണ് പങ്കാളികളാക്കുന്നതെന്ന് വിശദമാക്കുമോ; | (സി) വാർഡ് കൗൺസിലർ/വാർഡ് മെമ്പർ, സ്കൂൾ ലീഡർ, താൽപര്യമുള്ള 2 രക്ഷാകർത്താക്കൾ, താൽപര്യമുള്ള 2 ടീച്ചർമാർ, സ്കൂൾ പരിസരത്തെ പ്രമുഖ വ്യാപാരി, സൽപ്പേരുള്ള ഒരു ഓട്ടോ ഡ്രൈവർ, സ്റ്റുഡന്റ് പോലീസ് കേഡറ്റിൽ നിന്നോ, ജാഗ്രതാ സമിതിയിൽ നിന്നോ ഉള്ള ഒരു അംഗം, ബഹുമാന്യനായ ഒരു തദ്ദേശവാസി എന്നിവരെ ഉൾപ്പെടുത്തി സ്കൂളിലെ പ്രധാന അദ്ധ്യാപകനെയോ, പി.ടി.എ. പ്രസിഡന്റിനെയോ ചെയർപേഴ്സണാക്കിക്കൊണ്ട് സ്ഥലത്തെ സ്റ്റേഷൻ ഹൗസ് ഓഫീസർ കൺവീനറും, സ്റ്റേഷൻ ഹൗസ് ഓഫീസർ നിർദ്ദേശിക്കുന്ന ഒരു പോലീസുദ്യോഗസ്ഥൻ ജോയിന്റ് കൺവീനറുമായി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. |

(ഡി) ഇവയുടെ പ്രവർത്തനം മോണിറ്റർ ചെയ്യാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഭരണതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റി മൂന്നുമാസത്തിലൊരിക്കൽ മീറ്റിംഗ് കൂടി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

സെക്ഷൻ ഓഫീസർ